(സി) നെയ്യാറ്റിൻകര താലൂക്കിൽപ്പെട്ട ഒപ്പമ്പരിലെ പി. എച്ച്. മിഡ്‌വൈഫ് ശ്രീമതി ബി. സരസം നഴ്സായി നിയമനം ലഭിക്കുന്നതിനു 22-1-1964-ൽ ഡയറക്ടർ ആഫ് ഹെൽത്ത് സർവ്വീസസിനു അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു?

ഉത്തരം

(എ) നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷൻ ഉള്ള മിഡ്‌വൈഫ്മാരെ നഴ്സായി നിയമിക്കുന്നതു സംബന്ധിച്ച് പ്രത്യേകം രൂപകളൊന്നുമില്ല. നഴ്സായി നിയമിക്കപ്പെടാൻ വേണ്ട യോഗ്യതകളുള്ളവരെ പബ്ലിക് സർവ്വീസ് കമ്മീഷൻവഴി തെരഞ്ഞെടുക്കുകയാണു പതിവു്. വേണ്ടത്ര യോഗ്യതകളുള്ളവർ ആരെങ്കിലും മിഡ്‌വൈഫ്കളായി ജോലിയിൽ ഇരിക്കുന്നുണ്ടെങ്കിൽ അവരും ഒഴിവുകൾ വരുമ്പോൾ മുറപ്രകാരം സർവ്വീസ് കമ്മിഷൻവഴി അപേക്ഷിക്കേണ്ടതാണു്. സർവ്വീസിലിരിക്കുന്നവരെ നേരിട്ടു നഴ്സായി നിയമിക്കുന്നതിനു നിബന്ധനകളൊന്നുമില്ല.

(ബി) 'എ' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

(സി) ഉണ്ടു്.

(ഡി) 'എ' യുടെ ഉത്തരത്തിൽ പറഞ്ഞ രീതിയിൽ അപേക്ഷിക്കേണ്ടതാണെന്നു കാണിച്ചു് 2-3-1964-ൽ തിരുവനന്തപുരം ഡിസ്ട്രിക്ടു് മെഡിക്കൽ ആഫീസർവഴി മറുപടി അയച്ചിട്ടുണ്ടു്.

വിദ്യാഭ്യാസവിഷയം യൂണിയൻ കൺകറന്റു് ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന നടപടി.

12. [23] ശ്രീ. എം. കൃഷ്ണൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വിഷയം യൂണിയൻ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനെയോ കൺകറന്റു് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനെയോ സംബന്ധിച്ചു് കേന്ദ്രഗവണ്മെന്റു് ഈ ഗവണ്മെന്റിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ചു് ഗവണ്മെന്റു് സ്വീകരിച്ച നടപടിയെന്തു്?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ഹെൽത്തു് സർവ്വീസസ് ഡയറക്ടറുടെ ഒരു ഉത്തരവിനെതിരായ അപ്പീൽ.

13. [26] ശ്രീ. എം. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം മെഡിക്കൽ കോളേജു് ഹോസ്പിറ്റലിൽ ജോലി നോക്കുന്ന മിഡ്‌വൈഫ് മേരി തോമസ്സു് 25-10-1963-ൽ ഹെൽത്തു് സർവ്വീസസ് ഡയറക്ടറുടെ ഒരു ഉത്തരവിനെതിരായി ഗവണ്മെന്റിൽ ഒരു അപ്പീൽ കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടന്നു?

ഉത്തരം

(എ) ഉണ്ടു്.

(ബി) അതു് ഗവണ്മെന്റിന്റെ പരിഗണനയിൽ ഇരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly